(3) വൈകികിട്ടിയ ഉത്തരങ്ങൾ

കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി

135 (2580) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാർകുറ്റി-കാരപ്പാറ പദ്ധതിയുടെ പണിയുമായി ബന്ധപ്പെട്ട ഏതെല്ലാം കരാറുകാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ സംബന്ധിച്ച് ഇറിഗേഷൻ സെക്രട്ടറി 1999 ജൂൺ 9-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കണ്ണൂർ ഡിവിഷന്റെ ചാർജ്ജുള്ള സൂപ്രണ്ടിംഗ് എൻജിനീയർ ടെൻഡർ വിളിച്ചിരുന്നോ ; എങ്കിൽ ഏത് ടെൻഡർ എത്ര രൂപയ്ക്കാണ് വിളിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ടെൻഡർ ഏത് കരാറുകാരന് എത്ര രൂപയ്ക്കാണ് കൊടുത്തതെന്ന് വ്യക്തമാക്കാമോ ;

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ കരാറുകാരന് സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെന്റർ കൊടുക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീ. റ്റി. ബി. കുഞ്ഞുമാഹിൻ ഹാജി, കാസർഗോഡ്, ശ്രീ. കെ. എം. മുഹമ്മദ് ഷറീഫ്, കാസർഗോഡ് എന്നീ കരാറുകാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്.

(ബി) ഇക്കാര്യം സജീവമായി പരിശോധിച്ചു വരുന്നു.

(സി) ഇക്കാര്യത്തിൽ 9-6-99 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) 43/99/ജലവ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമേ നിയമപ്രകാരം ബന്ധപ്പെട്ട കരാറുകാരന് ടെൻഡർ നിഷേധിക്കാൻ പറ്റൂ. ബ്ലാക്ക് ലിസ്റ്റ് ചെയ്ത കരാറുകാരന് ടെന്റർ നൽകിയ ഒരു കേസും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പണി പൂർത്തിയാക്കാത്ത ചെറുകിട ജലസേചന പദ്ധതികൾ

136 (2581) ശ്രീ. എം. കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണിപൂർത്തീകരിക്കാത്ത എത്ര ചെറുകിട ജലസേചനപദ്ധതികൾ ഉണ്ട് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഇവ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ജലസേചന വകുപ്പുമന്ത്രിയുടെ ശിൽപശാല

137 (2582) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ വിവിധ സംസ്ഥാനങ്ങളിലെ ജലസേചന വകുപ്പുമന്ത്രിമാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും ശിൽപശാല നടന്നിട്ടുണ്ടോ ;

(ബി) ഈ ശിൽപശാലയിൽ പ്രധാനമായും ചർച്ച ചെയ്ത വിഷയങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) കുടിവെള്ള വിതരണ മേഖലയിൽ സ്വകാര്യ മുതൽമുടക്ക് അനുവദിക്കുവാൻ ഈ ശിൽപശാലയിൽ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ശില്പശാലയ്ക്ക് ആകെ ചെലവായ തുക എത്ര ;

(ഇ) ഇതിൽ എത്ര രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട് ; വാട്ടർ അതോറിറ്റി ഈ ശിൽപശാലയുടെ നടത്തിപ്പിൽ എന്ത് പങ്കാണ് വഹിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭാരതത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംരംഭങ്ങളെ ഏകോപിപ്പിക്കുവാനും ത്വരിതപ്പെടുത്തുവാനും നടപടികൾ ആവിഷ്കരിക്കുക എന്നതായിരുന്നു ഈ ശില്പശാലയിൽ മുഖ്യമായും ചർച്ച ചെയ്യപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly